# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ

## സെന്റ് മേരി ഇമ്മാക്കുലേറ്റ് എൽ.പി.എസ് , എഴുപുന്ന

2025 - 2026



# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 - 2026

സമഗ്രവും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭിക്കുന്നതിനും അക്കാദമിക മുന്നേറ്റത്തിനും, വ്യക്തിത്വ വികസനത്തിനും, സർഗ്ഗിക വളർച്ചയ്ക്കും ഉതകുന്ന തരത്തിലുള്ള മികച്ച പ്രവർത്തനങ്ങൾ ഓരോ വിദ്യാലയത്തിലും നടന്നുവരുന്നു. പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മികവുറ്റതാക്കി, ഓരോ വർഷവും അക്കാദമിക ഭൗതിക സാഹചര്യങ്ങളിൽ ഓരോ സ്ഥാപനവും ഉന്നതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. എല്ലാ വിദ്യാർത്ഥികളുടെയും പഠനപുരോഗതിയും, സമഗ്രവികാസവും ഉറപ്പാക്കുന്നതിന് പ്രാധാന്യം നൽകുന്ന പ്രവർത്തനങ്ങളാണ് സ്കൂൾതലത്തിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. ഏറ്റവും ഉയർന്നതലത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുക എന്നതാണ് പ്രഥമമായ ലക്ഷ്യം. അതിനുവേണ്ടിയുള്ള സമഗ്രാസൂത്രണമാണ് അക്കാദമിക് മാസ്റ്റർപ്ലാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സ്കൂളിന്റെ ഭൗതിക പുരോഗതിയെ ലക്ഷ്യം വച്ച് [illegible] പ്രവർത്തനങ്ങളുടെ സമഗ്ര ലക്ഷ്യമാക്കി വിഷയാടിസ്ഥാനത്തിലും അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ആകർഷകമായ വിദ്യാലയാന്തരീക്ഷം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരുപോലെ സ്വാധീനിക്കുന്നു.

## കാഴ്ചപ്പാടുകൾ

- സമഗ്രമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നതിന്:

സമഗ്രമായതും ഗുണമേന്മയുള്ളതും, സാമൂഹികവും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുന്നതിലൂടെ ബുദ്ധിശക്തിയും, സാമൂഹ്യബോധവും, സാംസ്കാരിക ബോധവുമുള്ള സമൂഹത്തിന് പ്രയോജനകരമായ പൗരന്മാരെ രൂപപ്പെടുത്തുന്ന മാതൃകാപരമായ വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റുക.

- നവോത്ഥാന ഭാവിയിലേക്കുള്ള കാഴ്ചപ്പാട് :-

സാമൂഹ്യ ബോധം, അറിവ്, പുതുമ, സാങ്കേതിക പരിജ്ഞാനം, ധാർമികത എന്നിവ അടിസ്ഥാനമിട്ട് വിദ്യാർത്ഥികളെ ഭാവിയിലെ സമൂഹത്തെ നയിക്കുന്നതിനു കഴിവുള്ളവരും, സമൂഹത്തിന് നേതൃത്വം നൽകുന്നതിന് പ്രാപ്തിയുള്ളവരുമായി വളർത്തുക.

- മൂല്യങ്ങളും ഭാരതീയതയും അടിത്തറയാക്കിയ കാഴ്ചപ്പാട്:-

ഭാരതീയ ജനതയുടെ സാംസ്കാരിക മൂല്യങ്ങളെ ആസ്പദമാക്കി അധ്യയനവും ആത്മീയ ഉണർവുമുള്ള വിദ്യാഭ്യാസം നൽകുന്നതിലൂടെ അറിവിലും മൂല്യത്തിലും സമന്വയമായ പൗരന്മാരെ രൂപപ്പെടുത്തു

## അക്കാദമിക പ്രവർത്തനങ്ങൾ

മാതൃഭാഷയും ഇംഗ്ലീഷ് ഭാഷയും തെറ്റുകൂടാതെ പറയുന്നതിനും എഴുതുന്നതിനും, അവ വികസിപ്പിക്കുന്നതിനുമായി പ്രത്യേകം ക്ലാസ്സുകൾ സംഘടിപ്പിക്കുക. ഭാഷാശേഷി വളർത്തുന്നതിനായി വായനാസാമഗ്രികൾ പ്രയോജനപ്പെടുത്താം. ദിനാചരണങ്ങളിലൂടെ അതത് ദിവസങ്ങളുടെ പ്രത്യേകതയും പ്രാധാന്യവും മനസ്സിലാക്കാൻ കഴിയുന്നു.

ബോധനരീതികൾക്ക് ആധുനിക രീതികൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ സ്മാർട്ട് ക്ലാസ്സ്റൂം പ്രയോജനപ്പെടുത്താം. പഠിപ്പിക്കുന്ന കാര്യങ്ങൾ കുട്ടികളിലേക്ക് എത്തുന്നുണ്ടോയെന്നു ഉറപ്പുവരുത്തുന്നതിനായി ആഴ്ചയിലൊരിക്കൽ ക്ലാസ്ടെസ്റ്റും നടത്തുക. ഗൃഹപാഠം നൽകുകയും അവ ചെയ്തിട്ടുണ്ടോയെന്ന് രക്ഷിതാക്കളും ശ്രദ്ധിക്കണമെന്നു ആവശ്യപ്പെടുക.

കലാകായിക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം നൽകുന്നതിനോടൊപ്പം അവ പ്രദർശിപ്പിക്കുന്നതിനുള്ള വേദിയൊരുക്കുക, പ്രോത്സാഹിപ്പിക്കുക.

സന്മാർഗിക ബോധവും, സാമൂഹ്യബോധവും ഉള്ളവരാക്കി വിദ്യാർത്ഥികളെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ക്ലാസ്സിൽ നടപ്പിലാക്കുക. ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നതിൽ കുട്ടികളെയും പങ്കാളികളാക്കി അവരിൽ സാമൂഹ്യബോധം കൂടി വളർത്തുക.

മേഖല - അക്കാദമികം      ഉപമേഖല :- മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികളും തെറ്റുകൂടാതെ മാതൃഭാഷയിൽ സംസാരിക്കാനും മനസ്സിലെ ആശയങ്ങൾ തെറ്റു-കൂടാതെ എഴുതുന്നതിനുമുള്ള കഴിവ് വികസിപ്പിച്ചെടുക്കുക. | പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ പഠന നിലവാരം കണ്ടെത്തുന്നു. പരിമിതികൾ വിശകലനം ചെയ്യുന്നു. | ജൂൺ ജൂലൈ | SRG ക്ലാസ് ടീച്ചർ |
| വായനാ പരിപോഷണം | പുസ്തക ശേഖരണവും, പ്രദർശനവും, പത്രവായന, പഴഞ്ചൊല്ല്, ശൈലികൾ വിവിധ സാഹിത്യരൂപങ്ങൾ | ഓഗസ്റ്റ് സെപ്റ്റംബർ. | ക്ലാസ് ടീച്ചർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. | വാർത്താ വായന<br>അതാത് മാസത്തെ പ്രധാന സംഭവങ്ങൾ, ക്വിസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് നടത്തുന്നു. | ഒക്ടോബർ - ഡിസംബർ | ക്ലാസ് ടീച്ചർ |
| | തുടർ പ്രവർത്തനങ്ങൾ, കഥാരചന, കവിതാരചന, ഡയറിക്കുറിപ്പ്, വിവരണം, സംഭാഷണം, ജീവചരിത്രക്കുറിപ്പ് തുടങ്ങിയവ തുടർച്ചയായി ചെയ്യുന്നു. | ഡിസംബർ - മാർച്ച് | ക്ലാസ് ടീച്ചർ |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷ നന്നായി എഴുതുവാനും, വായിക്കാനും, സംസാരിക്കാനുമുള്ള കഴിവ്. | ഇംഗ്ലീഷ് കഥകൾ വായിക്കുക, കഥകൾ, സംഭാഷണങ്ങൾ എന്നിവ ഇംഗ്ലീഷിൽ എഴുതിപ്പിക്കുക, ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ |
| | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ നടക്കൽ. ഗ്രാമർ വ്യക്തമായി കുട്ടികളിലേക്ക് എത്തിക്കുന്നു. | ഒക്ടോബർ | ക്ലാസ് ടീച്ചർ |
| | വാക്കുകളുടെ അർത്ഥം നിഘണ്ടുനോക്കി കണ്ടെത്തൽ. | നവംബർ - മാർച്ച് | ക്ലാസ് ടീച്ചർ |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവും നിരീക്ഷണം, അറിവുകൾ ശേഖരണം. | പോസ്റ്റർ രചനാമത്സരങ്ങൾ നടത്തുന്നു. ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നു. | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും സ്വന്തമായ തിരിച്ചറിയൽ. | ജീവിതശൈലി രോഗങ്ങൾ, കാരണങ്ങൾ എന്നിവ കണ്ടെത്തുന്നു. ജലം, ചെടികളുടെ വിവിധ ഭാഗങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് - ഒക്ടോബർ | ക്ലാസ് ടീച്ചർ |
| | ലീനം, ലായകം, ലായനി എന്നിവ വേർതിരിച്ചറിയുന്നു. | നവംബർ - ഡിസംബർ | ക്ലാസ് ടീച്ചർ |
| ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ, സാങ്കേതിക വിദ്യകൾ പരീക്ഷണങ്ങൾ നടത്തൽ | ആഹാരശൃംഖല, ദഹനവ്യവസ്ഥ, പ്രത്യുല്പാദനം, പ്രജനനരീതികൾ എന്നിവ പരിചയപ്പെടുത്തുന്നു. | ജനുവരി | ക്ലാസ് ടീച്ചർ |
| | നിത്യജീവിതത്തിൽ പരിമിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി പരീക്ഷണങ്ങൾ നടത്തുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ |

മേഖല : അക്കാദമികം        ഉപമേഖല: സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ | അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു | ജൂൺ - സെപ്തംബർ | ക്ലാസ് ടീച്ചർ | |
| ചരിത്രാവബോധം ഉള്ളവരാക്കിയെടുക്കുക | ലോക ചരിത്രം ഇന്ത്യൻ ചരിത്രം കേരള ചരിത്രം എന്നിവയെ - കുറിച്ച് അവബോധം | ഒക്ടോബർ - ഡിസംബർ | ക്ലാസ് ടീച്ചർ | |
| പ്രകൃതിദുരന്തങ്ങൾ പരിചയപ്പെടുത്തുക | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളുടെ പ്രദർശനം. | ജനുവരി | ക്ലാസ് ടീച്ചർ | |
| വൻകരകൾ, സമുദ്രങ്ങൾ പ്രപഞ്ചം, ഗ്രഹങ്ങൾ ഉപഗ്രഹങ്ങൾ, ഭൂപടം നിരീക്ഷിക്കൽ തിരിച്ചറിയൽ | പ്രപഞ്ചത്തെക്കുറിച്ച് ICT പ്രദർശനം ഗ്രഹങ്ങളെ ഉപഗ്രഹങ്ങളെ പരിചയപ്പെടുത്തുന്നു ഭൂപടം നിരീക്ഷിക്കാനും വായിക്കാനും പ്രാപ്തരാക്കുന്നു | ഫെബ്രുവരി മാർച്ച് | ക്ലാസ് ടീച്ചർ | |

മേഖല :- അക്കാദമികം      ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുക | സംഖ്യാ പാറ്റേൺ നിർമ്മിക്കൽ<br>ഗുണന പട്ടിക ഹൃദ്യസ്ഥമാക്കൽ | ജൂൺ - ആഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| ഗണിത മേഖലയിലെ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | സെപ്തംബർ. ഡിസംബർ | ക്ലാസ് ടീച്ചർ | |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നല്കി പരിഹാര ബോധന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു | | | |
| നിത്യ ജീവിതത്തിലെ ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള കഴിവ് | | ജനുവരി- മാർച്ച് | ക്ലാസ് ടീച്ചർ | |

## ഹ്രസ്വകാല/ദീർഘകാല പ്രവർത്തനങ്ങൾ

★ വിദ്യാലയത്തിന്റെ ഭൗതികസാഹചര്യങ്ങളുടെ സമഗ്രമാറ്റം അടുക്കളപ്പണികൾ നവീകരിക്കൽ വിദ്യാലയം ആകർഷകമാക്കൽ തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു.

★ മനോഹരമായ പൂന്തോട്ടവും പച്ചക്കറിത്തോട്ടവും നിർമ്മിക്കുവാൻ തീരുമാനിച്ചു.

★ തൊഴിലുറപ്പു തൊഴിലാളികളുടെ സഹായത്തോടുകൂടി പരിസരം വൃത്തിയാക്കി.

★ ബെഞ്ച് ഡസ്ക് എന്നിവ മാനേജ്മെന്റിന്റെ സഹായത്തോടെയും ലോക്കൽ കമ്മിറ്റികളുടെ സഹായത്തോടുകൂടിയും ഉൾപ്പെടുത്താൻ ശ്രമിച്ചു.

★ സ്കൂൾ അങ്കണത്തിലെ വെള്ളക്കെട്ടിനുള്ള പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നു.

★ വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങളോടുകൂടിയ ഒരു പ്ലേ ഗ്രൗണ്ട് ലക്ഷ്യം വയ്ക്കുന്നു.

# പ്രവർത്തന കലണ്ടർ

## ജൂൺ

* പ്രവേശനോത്സവം
* SRG യോഗം, ടൈം ടേബിൾ
* പരിസ്ഥിതി ദിനാചരണം
* ക്ലാസ് പി ടി എ, സ്റ്റാഫ് മീറ്റിംഗ്
* വായനാദിനം
* അന്താരാഷ്ട്ര യോഗാദിനം
* ലഹരി വിരുദ്ധദിനം

## ജൂലൈ

* ബഷീർ ദിനം
* മലാല ദിനം
* SRG യോഗം
* PTA പൊതുയോഗം
* ചാന്ദ്രദിനം
* ക്ലബ്ബ് രൂപീകരണം, ഉദ്ഘാടനം

## ഓഗസ്റ്റ്

* ഹിരോഷിമ ദിനം
* SRG യോഗം
* കലാ കായിക പ്രവൃത്തിപരിചയ മേള ക്ലാസ്തലം
* സ്വാതന്ത്ര്യ ദിനാഘോഷം
* ദേശീയ കായിക ദിനം

## സെപ്തംബർ

- ★ ഓണാഘോഷ പരിപാടികൾ
- ★ അധ്യാപക ദിനാഘോഷം
- ★ SRG യോഗം
- ★ റിഫ്രഷർ ടു കാർഡ് ട്രെയിനിംഗ്
- ★ ഓസോൺ ദിനം

## ഒക്ടോബർ

- ★ ഗാന്ധിജയന്തി ദിനാഘോഷം, സേവനവാരം
- ★ ഉപജില്ലാ മേള ഒരുക്കങ്ങൾ
- ★ ആർട്സ് ആൻഡ് Sports മത്സരങ്ങൾ
- ★ ലോക ഭക്ഷ്യ ദിനം
- ★ SRG യോഗം
- ★ വാർഷിക ദിനാഘോഷ ഒരുക്കങ്ങൾ

## നവംബർ

- ★ കേരളപ്പിറവി
  → മലയാള ദിന ക്വിസ് മത്സരം
- ★ SRG യോഗം
- ★ ശിശു ദിനാഘോഷം
- ★ ക്ലാസ്സ് തല പ്രവർത്തനങ്ങൾ

ഡിസംബർ

* ലോക മനുഷ്യാവകാശദിനം
* SRG യോഗം
* സ്കൂൾ ഫീൽഡ് ട്രിപ്പ്
* ക്രിസ്മസ് പരീക്ഷ ഒരുക്കങ്ങൾ
* ക്രിസ്മസ് ആഘോഷം

ജനുവരി

* ക്ലസ്റ്റർ തല പ്രവർത്തനങ്ങൾ
* SRG യോഗം
* റിപ്പബ്ലിക് ദിനം
* രക്തസാക്ഷി ദിനം.

ഫെബ്രുവരി

* മാതൃഭാഷാദിനം
* SRG യോഗം

മാർച്ച്

* വാർഷിക പരീക്ഷ ഒരുക്കങ്ങൾ
* ലോക വനിതാദിനം
* SRG യോഗം
* ലോക ജലദിനം
* ലോക വനദിനം
* വാർഷിക പരീക്ഷ.

# ഉപസംഹാരം

അധ്യയന വർഷത്തിന്റെ സമഗ്രവികസനവും വിദ്യാർത്ഥികളുടെ ബൗദ്ധിക മാനസിക ശാരീരിക സാമൂഹിക വളർച്ചയും ലക്ഷ്യം വച്ച് തയ്യാറാക്കിയതാണ്. ഈ അക്കാദമിക മാസ്റ്റർ പ്ലാൻ പഠന പഠ്യേതര പ്രവർത്തനങ്ങൾ തമ്മിൽ സമന്വയിപ്പിച്ച് ഒരോ പോരായ്മയും ഒഴിവാക്കുന്ന വിധത്തിൽ അനുസ്യൂതമായ പ്രവർത്തനപട്ടികയും പദ്ധതിയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അദ്ധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ തിരിച്ചറിയുകയും അവരെ വിവിധ മേഖലകളിൽ സജീവമായി പങ്കെടുപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാന ലക്ഷ്യം. വർഷം തോറും ഇതിന് ആവശ്യമായ മാറ്റങ്ങളും പുതുക്കലുകളും വരുത്തുന്നതിലൂടെ കൂടുതൽ ഫലപ്രദവും ഗുണനിലവാരമുള്ളതുമായ വിദ്യാഭ്യാസ പ്രവർത്തനം നടപ്പിലാക്കാൻ ഈ പ്ലാൻ സഹായകമാകും

ഈ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി അധ്യാപകരും രക്ഷാസമിതിയും കൈകോർത്ത് പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ പുരോഗതി ഉറപ്പുവരുത്തുന്നതിൽ ഇതൊരു മാർഗ്ഗദീപമായിരിക്കുമെന്ന് വിശ്വസിക്കുന്നു.